LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി

26 [2889] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

ധനകാര്യ ടെക്നിക്കൽ വിഭാഗത്തിൽ പുതിയ തസ്തിക

27 [2890] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ ടെക്നിക്കൽ (ഇൻസ്പെക്ഷൻ) വിഭാഗത്തിൽ പുതുതായി ഏതെങ്കിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അധികാര പരിധി വിപുലപ്പെടുത്തി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ ടെക്നിക്കൽ (ഇൻസ്പെക്ഷൻ) വിഭാഗത്തിൽ പുതുതായി ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.

(ബി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാര പരിധി വിപുലപ്പെടുത്തിക്കൊണ്ട് പ്രത്യേക ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്സ്) നം. 113/03/ധന. തീയതി 24-2-2003 പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ധനകാര്യവകുപ്പിൽ നിന്നുള്ള എഫ്.ഒ.-മാരുടെ എണ്ണം

28 [2891] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ നിന്നും എത്ര ഉദ്യോഗസ്ഥർ ഫിനാൻസ് ഓഫീസറായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്;